بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 20-10-2023 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## തിരുനബി ചരിത്രം: ബദ്ർ യുദ്ധാനന്തര സംഭവങ്ങൾ തുടർച്ച ഫലസ്തീൻ പ്രതിസന്ധിയിൽ നീതിക്കുവേണ്ടിയുള്ള ആഹ്വാനം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇന്നും ബദ്റിനു ശേഷം തിരുനബി(സ)യുടെ ജീവിതത്തിൽ നടന്ന സംഭവങ്ങളെ കുറിച്ച് ഞാൻ പരാമർശിക്കുന്നതാണ്.

ചരിത്രത്തിൽ തിരുനബി(സ)യുടെ മകളുടെ ഭർത്താവ് അബുൽ ആസ് ഇസ്‌ലാം സ്വീകരിച്ച സംഭവം രേഖപ്പെട്ടു കിടക്കുന്നുണ്ട്. ആറാം ഹിജ്റി ജുമാദിയുൽ ഊല മാസം തിരുനബി(സ) സൈദ് ബിൻ ഹാരിസ(റ)യുടെ നേതൃത്വത്തിൽ എഴുപത് സഹാബാക്കളുടെ ഒരു സംഘത്തെ ഈസ് എന്ന സ്ഥലത്തേക്ക് അയക്കുകയുണ്ടായി. ഈസ്, മദീനയിൽ നിന്ന് നാല് ദിവസത്തെ യാത്രാ ദൂരത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. ഒരു ദിവസത്തെ ദൂരം എന്നത് പന്ത്രണ്ട് മൈൽ ആണെന്നാണ് ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നത്. ഇത്തരത്തിൽ ഈസ് എന്ന സ്ഥലം മദീനയിൽ നിന്നും നാൽപ്പത്തിയെട്ട് മൈൽ ദൂരത്തുള്ള സ്ഥലമായിരുന്നു. ഈ സൈനികനീക്കത്തിന്റെ വിവരണം ഇപ്രകാരമാണ്; സിറിയയിൽ നിന്ന് മക്കാ ഖുറൈശികളുടെ ഒരു കച്ചവട സംഘം വരുന്നുണ്ടെന്നും ഈ കച്ചവട സംഘത്തിന്റെ കച്ചവടലാഭത്തിൽ നിന്ന് മുസ്‌ലിംകളെ ആക്രമിക്കാൻ പദ്ധതിയുണ്ടെന്നും തിരുനബി(സ)ക്ക് അറിവ് ലഭിക്കുകയുണ്ടായി. സൈദ് ബിൻ ഹാരിസ(റ)യുടെ നേതൃത്വത്തിലുള്ള സംഘം ഈ കച്ചവട സംഘത്തെ തടഞ്ഞു. ചിലരെ തടവുകാരായി പിടിച്ചു. ഈ തടവുകാരിൽ അബുൽ ആസ്(റ)വും ഉണ്ടായിരുന്നു.

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഈസിലെ സൈനീകനീക്കത്തിൽ പിടിക്കപ്പെട്ട ബന്ദികളിൽ തിരുനബി(സ)യുടെ മകളുടെ ഭർത്താവും ഹദ്റത് ഖദീജ(റ)യുടെ അടുത്ത ബന്ധുവും ആയിരുന്ന അബുൽ ആസും ഉണ്ടായിരുന്നു. ഇദ്ദേഹം അപ്പോൾ ബഹുദൈവ ആരാധകൻ ആയിരുന്നു. അബുൽ ആസ് തന്റെ പത്നിയും തിരുനബി(സ)യുടെ മകളുമായിരുന്ന ഹദ്റത് സൈനബ്(റ)ന് താൻ ബന്ധിയാക്കപ്പെട്ട വിവരം എത്തിച്ചു. തിരുനബി(സ)യും അദ്ദേഹത്തിന്റെ സഹാബാക്കളും സുബ്ഹ്നമസ്കാരം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന വേളയിൽ, അല്ലയോ മുസ്‌ലിംകളെ ഞാൻ അബുൽ ആസിന് അഭയം നല്കിയിരിക്കുന്നു എന്ന് ഹദ്റത് സൈനബ് വിളിച്ച് പറഞ്ഞു. നമസ്കാരം പൂർത്തിയാക്കിയതിനു ശേഷം തിരുനബി(സ) തന്റെ സഹാബാക്കളോടായി പറഞ്ഞു: 'സൈനബ് പറഞ്ഞതെല്ലാം നിങ്ങൾ കേട്ടിട്ടുണ്ടാകും. അല്ലാഹുവാണ ഇതിനെ കുറിച്ച് എനിക്ക് യാതൊരു മുന്നറിവും ഇല്ല. എന്നാൽ വിശ്വാസികൾ എല്ലാവരും ഏകാത്മാവിനെ പോലെയാണ്. അവരിൽ ഒരാൾ ഏതെങ്കിലും അവിശ്വാസിക്ക് അഭയം നൽകുകയാണെങ്കിൽ അതിനെ ബഹുമാനിക്കേണ്ടതും നമ്മുടെ കടമയാണ്. 'ശേഷം തിരുനബി(സ) സൈനബിനോടായി പറഞ്ഞു: നീ അഭയം നൽകിയവർക്ക് ഞങ്ങളും അഭയം നൽകുന്നു.'

അബുൽ ആസിന്റെ. പക്കൽ നിന്ന് ലഭിച്ച സമ്പത്ത് അദ്ദേഹത്തിന് തന്നെ തിരികെ നല്കി. അബുൽ ആസിന് നല്ല രീതിയിൽ ആതിഥ്യമരുളാനും എന്നാൽ അദ്ദേഹവുമായി സ്വകാര്യനിമിഷങ്ങൾ പങ്കുവെക്കരുത് എന്നും തിരുനബി(സ) സൈനബ്(റ)നോട് നിർദേശിച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അബുൽ ആസ് മക്കയിലേക്ക് പോയി തന്റെ കച്ചവട ഇടപാടുകൾ തീർത്ത് തിരുനബി(സ)യുടെ സന്നിധിയിൽ ഹാജരായി ഇസ്‌ലാം സ്വീകരിച്ചു. പുതുതായി നിക്കാഹ് കൂടാതെ തന്നെ അദ്ദേഹത്തോടൊപ്പം കഴിയാൻ തിരുനബി(സ) ഹദ്റത് സൈനബിന് അനുവാദം നല്കി.

ഏതെങ്കിലും ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ അവിശ്വാസം കാരണം അയാളിൽ നിന്നും അകന്നു നിൽക്കുകയും പിന്നീട് ഭർത്താവ് വിശ്വാസി ആവുകയും ചെയ്താൽ രണ്ടാമത് നിക്കാഹ് ചെയ്യേണ്ട ആവശ്യമില്ല എന്ന ഫത്വ ഈ സംഭവത്തിൽ നിന്ന് ലഭിക്കുന്നുണ്ട്.

തന്റെ ഭർത്താവ് ഇസ്‌ലാം സ്വീകരിച്ചതിന് ശേഷം അധികനാൾ ഹദ്റത് സൈനബ് ജീവിച്ചിരുന്നില്ല. എട്ടാം ഹിജ്റിയിൽ അവർ വഫാത്തായി. ഹദ്റത് ഉമ്മെ അയ്മൻ(റ) ഹദ്റത് സൗദ(റ) ഹദ്റത് ഉമ്മെ സൽമ(റ) ഹദ്റത് ഉമ്മെ അത്തിയ(റ) എന്നിവർ ഹദ്റത് സൈനബിനെ കുളിപ്പിക്കുകയും തിരുനബി(സ) അവരുടെ ജനാസ നമസ്കരിക്കുകയും ചെയ്തു. തിരുനബി(സ) സ്വയം ഖബറിൽ ഇറങ്ങി അവരെ ഖബറിൽ വച്ചു. ഹദ്റത് അബുൽ ആസ്(റ)വും ഇതിനു ശേഷം അധികനാൾ ജീവിച്ചിരുന്നില്ല. പന്ത്രണ്ടാം ഹിജ്റിയിൽ അദ്ദേഹവും വഫാത്തായി.

സവീഖ് യുദ്ധം രണ്ടാം ഹിജ്റി ദുൽഹിജ്ജ മാസത്തിലാണ് നടന്നത്. ഇതിന്റെ കാരണം എന്തായിരുന്നു എന്നാൽ മുശ്‌രിക്കുകൾ ബദ്റിൽ പരാജിതരായി ദുഃഖിതനായി മക്കയിൽ തിരിച്ചെത്തി. അപ്പോൾ തിരുനബി(സ)യോടും സഹാബാക്കളോടും ബദ്റിന് പകരം ചോദിക്കാതെ താൻ മുടിയിൽ എണ്ണ പുരട്ടുകയോ കുളിക്കുകയോ ഇല്ല എന്ന് അബൂസുഫിയാൻ ശപഥം ചെയ്തു. ഒരു നിവേദനമനുസരിച്ച് അബൂസുഫിയാൻ ഇരുനൂറു പേരടങ്ങുന്ന ഒരു സംഘവുമായി പുറപ്പെട്ടു. മറ്റൊരു നിവേദനമനുസരിച്ച് നാല്പത് പേരടങ്ങുന്ന ഒരു സംഘവുമായി തന്റെ ശപഥം പൂർത്തീകരിക്കാൻ മദീന

യിലേക്ക് പുറപ്പെട്ടു. മദീനയുടെ അടുത്തെത്തിയപ്പോൾ അബൂ സുഫിയാൻ സഹായമഭ്യർത്ഥിച്ച് കൊണ്ട് ബനൂ നസീർ ഗോത്രത്തിലെ ഹുയയ് ബിൻ അഖ്തബിന്റെ അടുക്കൽ പോയി. എന്നാൽ അയാൾ സഹായിക്കുന്നത് നിരസിച്ചു. പിന്നെ അയാൾ സലാം ബിൻ മിശ്കമിന്റെ അടുക്കൽ പോയി. അയാൾ മുസ്ലിംകളുടെ രഹസ്യങ്ങളും തിരുനബി(സ) യുടെ ദൈനംദിന പതിവുകളെ കുറിച്ചും അബു സുഫിയാന് പറഞ്ഞുകൊടുത്തു. അബൂസുഫിയാൻ ചില ഖുറൈശികളെ മദീനക്ക് മൂന്ന് മൈൽ അടുത്തുള്ള അരീദ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഒരു ഈന്തപ്പന തോട്ടത്തിലേക്ക് അയച്ചു. അവർ അവിടെയെത്തി ഈന്തപ്പനകൾക്ക് തീയിടുകയും ഒരു അൻസാർ സഹാബിയെ ശഹീദാക്കുകയും ചെയ്തു. അബൂസുഫിയാൻ ഇതിനെ തന്റെ വിജയമായും തന്റെ ശപഥപൂർത്തീകരണമായും കരുതി കൊണ്ട് തന്റെ സൈന്യവുമായി മക്കയിലേക്ക് തിരിച്ചു. തിരുനബി(സ)ക്ക് ഇതിനെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ ഇരുനൂറു സഹാബാക്കളുടെ ഒരു സംഘവുമായി അബൂ സുഫിയാനെ പിന്തുടർന്ന് ഖർഖറത്തുൽകദർ എന്ന സ്ഥലം വരെ എത്തി. അബൂസുഫിയാനും അയാളുടെ സൈന്യവും തിരിച്ച് ഓടുന്ന വഴിയിൽ ധാന്യപ്പൊടികൾ നിറച്ച സഞ്ചികൾ വലിച്ചെറിഞ്ഞ്കൊണ്ടാണ് ഓടിയത്. മുസ്ലിംകൾ അതെല്ലാം എടുത്ത്കൊണ്ടിരുന്നു. ഈ കാരണം കൊണ്ട് ഈ യുദ്ധം സവീഖ് യുദ്ധം അതായത് ധാന്യപ്പൊടികളുടെ യുദ്ധം എന്നാണ് അറിയപ്പെടുന്നത്. അബൂസുഫിയാനും സംഘവും ഓടിപ്പോയി. തിരുനബി(സ) മദീനയിൽ തിരിച്ചെത്തി. സഹാബാക്കളുടെ ചോദ്യത്തിനുത്തരമായി തിരുനബി(സ) ഇത് യുദ്ധം തന്നെയാണ് എന്ന് പറയുകയും ചെയ്തു.

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഈദുൽ അദ്ഹയെ കുറിച്ച് ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഈ വർഷം തന്നെയാണ് ദുൽഹിജ്ജ മാസത്തിൽ മുസ്ലിംകളുടെ രണ്ടാമത്തെ ഈദ് ആയ ഈദുൽ അദ്ഹ ആഘോഷിക്കാൻ ആരംഭിച്ചത്. മുഴു ഇസ്ലാമിക ലോകത്തും ഈ ഈദ് ദുൽഹിജ്ജ മാസത്തിലെ പത്താം തിയതി ആഘോഷിക്കപ്പെടുന്നു. ഈ ഈദിന്റെ അവസരത്തിൽ കഴിവുള്ള എല്ലാ മുസ്ലിംകളും ഒരു മൃഗത്തെ ബലി നല്കി അതിന്റെ മാസം തന്റെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും അയൽക്കാർക്കും മറ്റുള്ളവർക്കും നല്കേണ്ടത് അഭികാമ്യമാണ്. ആയതിനാൽ ഈദുൽ അദ്ഹയുടെ അന്നും അതിന് ശേഷമുള്ള രണ്ടു ദിവസങ്ങളിലും മുസ്ലിം ലോകത്ത് ലക്ഷക്കണക്കിന് മൃഗങ്ങളെ അല്ലാഹുവിന്റെ വഴിയിൽ ബലി നല്കുകയും ഹദ്റത് ഇബ്റാഹീം(അ) ഹദ്റത് ഇസ്മാഈൽ(അ) ഹദ്റത് ഹാജിറ(അ) എന്നിവരുടെ മഹത്തായ ത്യാഗത്തിന്റെ ഓർമ്മകളെ പുനരുജീവിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണം തിരുനബി(സ)യുടെ ജീവിതമായിരുന്നു. ജീവനും സ്വത്തും തന്റെ എല്ലാതും തന്റെ നാഥനും യജമാനനും വേണ്ടി ത്യജിക്കാൻ തയ്യാറാണെന്ന് ഓരോ മുസ്ലിമും ഉദ്ബോധിപ്പിക്കപ്പെടുന്നു. ഈദുൽ ഫിത്റിനെ പോലെ ഈദുൽ അദ്ഹയും ഹജ്ജ് എന്ന ഇസ്ലാമിന്റെ ഈ ഒരു മഹത്തായ ആരാധനകർമ്മത്തിന്റെ പൂർത്തീകരണത്തിൽ ആഘോഷിക്കപ്പെടുന്നു.

ഹദ്റത് ഫാത്തിമ(റ)ന്റെ നിക്കാഹും രണ്ടാം ഹിജ്രിയിലാണ് നടന്നത്. ഹദ്റത് അനസ്(റ) നിവേദനം ചെയ്യുന്നു; ഹദ്റത് അബൂബക്കറും ഹദ്റത് ഉമറും ഹദ്റത് ഫാത്തിമയെ വിവാഹം കഴിക്കാൻ താല്പര്യം പ്രകടിപ്പിച്ചു. എന്നാൽ തിരുനബി(സ) മറുപടി നല്കിയില്ല. ഹദ്റത് അലി(റ) പറയുന്നു: ഞാൻ തിരുനബി(സ)യുടെ സന്നിധിയിൽ ഹാജരായി താങ്കൾ ഹദ്റത് ഫാത്തിമയെ എനിക്ക് വിവാഹം കഴിച്ച് തരുമോ എന്ന് ചോദിച്ചു. തിരുനബി(സ) ചോദിച്ചു: നിങ്ങളുടെ പക്കൽ മഹർ നല്കാൻ എന്തെങ്കിലും ഉണ്ടോ.? ഞാൻ പറഞ്ഞു: എന്റെ പക്കൽ കുതിരയും പടച്ചട്ടയും ഉണ്ട്. തിരുനബി(സ) പറഞ്ഞു: കുതിര ആവശ്യമുള്ളതാണ്. എന്നാൽ പടച്ചട്ട വിൽക്കാവുന്നതാണ്. അങ്ങനെ ഞാൻ എന്റെ പടച്ചട്ട നാനൂറ്റി എൺപത് ദിർഹമിന് വിറ്റ് മഹറിനുള്ള ഏർപ്പാട് ചെയ്തു. തിരുനബി(സ) അതിൽ നിന്ന് കുറച്ച് ബിലാൽ(റ)ന് നൽകികൊണ്ട് കുറച്ച് സുഗന്ധം വാങ്ങാൻ നിർദേശിച്ചു. മറ്റു ചിലരോട് ഹദ്റത് ഫാത്തിമക്ക് നല്കാനുള്ള സാധനങ്ങൾ ഏർപ്പാട് ചെയ്യാനും നിർദേശിച്ചു. അങ്ങനെ ഹദ്റത് ഫാത്തിമക്ക് വേണ്ടി ഒരു കട്ടിലും ഈന്തപ്പന നാരുകൾ നിറച്ച ഒരു തുകൽ തലയണയും തയ്യാറാക്കപ്പെട്ടു.

ഈ ബന്ധം ഉറപ്പിക്കുന്ന സമയത്ത് തിരുനബി(സ) ഹദ്റത് അലിയോട് പറഞ്ഞു; എന്റെ നാഥൻ എന്നോട് ഇപ്രകാരം ചെയ്യാൻ കല്പിച്ചിട്ടുണ്ട്. വിവാഹത്തിന് ശേഷം തിരുനബി(സ) ഒരു പാത്രത്തിലെ വെള്ളമെടുത്ത് വുളു ചെയ്ത് ആ പത്രത്തിലെ വെള്ളം എടുത്ത് ഹദ്റത് ഫാത്തിമയുടെയും ഹദ്റത് അലിയുടെയും ദേഹത്തേക്ക് തളിച്ച് കൊണ്ട് ഇപ്രകാരം ദുആ ചെയ്തു;

**അല്ലാഹുമ്മ ബാരിക്ക് ഫീഹിമാ വ ബാരിക്ക് അലൈഹിമാ വ ബാരിക്ക് ലഹുമാ ഫീ നസ്ലിഹുമാ**

''അല്ലാഹുവേ, നീ ഇവർ തമ്മിലുള്ള ഈ ബന്ധത്തിൽ അനുഗ്രഹം വർഷിക്കേണമേ. ഇവരുടെ മറ്റുള്ളവരുമായുള്ള ബന്ധങ്ങളിലും നീ അനുഗ്രഹം വർഷിക്കേണമേ. ഇവരുടെ തലമുറകളിലും നീ അനുഗ്രഹം വർഷിക്കേണമേ.''

വിവാഹം കഴിക്കുന്ന സന്താനങ്ങൾക്ക് വേണ്ടി അവരുടെ മാതാപിതാക്കളും ഈ ദുആ ചെയ്യേണ്ടതാണ്. ഇന്നത്തെ കാലത്ത് ലൗകിക ആഗ്രഹങ്ങളും ആസക്തികളും കാരണം ഭാര്യാഭർത്തൃ ബന്ധത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുണ്ട്. അത് ഇപ്പോൾ വർധിച്ച് വരികയുമാണ്. ദീനിന് പ്രാധാന്യം നല്കുകയും ഇപ്രകാരം ദുആ ചെയ്യുകയും മാതാപിതാക്കളും തങ്ങളുടെ കടമകൾ നിർവഹിക്കുകയും ചെയ്താൽ ബന്ധങ്ങൾ നിലനിൽക്കുന്നതാണ്.

വിവാഹത്തിന് ശേഷം ഒരു സാത്വികനായ സഹാബി ഹദ്റത് ഹാരിസ ബിൻ നുഅ്മാൻ അൻസാരി(റ) നിർബന്ധപൂർവ്വം തന്റെ ഒരു വീട് കാലിയാക്കി ഹദ്റത് അലി(റ)നും ഹദ്റത് ഫാത്തിമ(റ)ക്കും താമസിക്കാനായി നല്കി.

ധാന്യം പൊടിക്കുന്നത് കൊണ്ട് തന്റെ കൈയിൽ ബുദ്ധിമുട്ടുണ്ട് എന്ന് പറഞ്ഞ് ഹദ്റത് ഫാത്തിമ തിരുനബി(സ)യോട് ഒരു ഭൃത്യനെ ഏർപ്പാട് ചെയ്യാൻ അപേക്ഷിച്ചപ്പോൾ തിരുനബി(സ) ഹദ്റത് അലിയോടും ഹദ്റത് ഫാത്തിമയോടും ഇപ്രകാരം പറഞ്ഞു; നിങ്ങൾ കിടക്കയിൽ ഉറങ്ങാൻ കിടക്കുമ്പോൾ മുപ്പത്തിനാല് തവണ അല്ലാഹു അക്ബർ, മുപ്പത്തിമൂന്ന് തവണ സുബ്

ഹാനല്ലാഹ്, അൽഹംദുലില്ലാഹ് എന്ന് ഉരുവിടുക. ഇത് നിങ്ങൾ രണ്ടു പേർക്കും ഭൃത്യനെക്കാൾ മികച്ചതാണ്. ഒരു ഭൃത്യനെ ഏർപ്പാട് ചെയ്യുക എന്നത് തിരുനബി(സ)ക്ക് പ്രയാസമുള്ള കാര്യമായിരുന്നില്ല. എന്നാൽ ജനങ്ങൾ ഇതിൽ നിന്ന് പലതും അനുമാനിക്കാൻ സാധ്യതയുണ്ടായിരുന്നു. രാജാക്കൻമാർ പൊതുമുതൽ തനിക്ക് അനുവദനീയമാണ് എന്ന് കരുതിയേക്കാം. മുൻകരുതൽ എന്ന നിലയിൽ തിരുനബി(സ) തന്റെ അടുക്കൽ ജനങ്ങളുടെ ഇടയിൽ വീതിച്ച് നല്കാനായി വന്നിരുന്ന ഭൃത്യന്മാരിൽ നിന്ന് ആരെയും നൽകിയില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇപ്പോൾ ലോകത്തിന്റെ നിലവിലെ അവസ്ഥയെ പരിഗണിച്ച് കൊണ്ട് ദുആ ചെയ്യണമെന്ന് പറയാൻ വീണ്ടും ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ചില പാശ്ചാത്യ മാധ്യമപ്രവർത്തകർ, അമേരിക്കൻ മാധ്യമപ്രവർത്തകർ പോലും, പ്രതികാരനടപടികൾക്കും ഒരു പരിധി വേണമെന്ന് തങ്ങളുടെ പത്രങ്ങളിൽ എഴുതിയിട്ടുണ്ട്. അതുകൂടാതെ അമേരിക്കയും മറ്റു പാശ്ചാത്യ രാജ്യങ്ങളും ഇസ്രായേലിനെയും ഹമാസിനെയും യുദ്ധത്തിൽ നിന്ന് തടയാനും അനുരഞ്ജനം നടത്താനും വെടിനിർത്താനും പരിശ്രമിക്കണം എന്നും അവർ അഭിപ്രായപ്പെടുന്നു. എന്നാൽ അതോടൊപ്പം അവർ പറയുന്നത് ഇവർ ഈ യുദ്ധം തടയുന്നതിന് പകരം യുദ്ധത്തിന്റെ തീ ആളിക്കത്തിക്കുകയാണ് അവർ ചെയ്യുന്നത്.

ഇതുപോലെ, നാം അതിരുകൾ ലംഘിച്ചിരിക്കുന്നു, നിരപരാധികളായ ഫലസ്തീൻ ജനതയോട് നാം അനീതി ചെയ്തിരിക്കുന്നു, ലോകശക്തികൾ ഈ കാര്യത്തിൽ ഇടപെടണം എന്ന് പറഞ്ഞ് വിദേശകാര്യ മന്ത്രാലയത്തിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ രാജിവെച്ചത് കഴിഞ്ഞ ദിവസം അമേരിക്കയിൽ വാർത്തയായിരുന്നു. ഇവരിൽ ഇപ്പോഴും മാന്യരായ ആളുകൾ ഉണ്ട്.

ജൂത റബ്ബിമാർ ഇടക്ക് മാധ്യമങ്ങളിൽ വന്ന് ഫലസ്തീന് വേണ്ടി സംസാരിക്കുകയും അധിനിവേശത്തെ അപലപിക്കുകയും ചെയ്യുന്നുണ്ട്. റഷ്യയുടെ വിദേശകാര്യ മന്ത്രി പറയുന്നത് രാജ്യങ്ങൾ ഈ രീതി തന്നെ തുടരുകയാണെങ്കിൽ ഈ യുദ്ധം ആ പ്രദേശമാകെ പടരും എന്നാണ്. എന്നാൽ ഇത് ലോകം മുഴുവൻ വ്യാപിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ഇവർ തങ്ങളുടെ സുബോധത്തിലേക്ക് വരേണ്ടതുണ്ട്. ഞാൻ മുൻപും പറഞ്ഞത് പോലെ മുസ്‌ലിം രാജ്യങ്ങൾ ഏകാഭിപ്രായക്കാരായി ഒരുമിക്കണം. 53, 54 മുസ്‌ലിം രാജ്യങ്ങളുണ്ട് എന്ന് പറയപ്പെടുന്നു. ഇവർ എല്ലാവരും ഒരേ ശബ്ദത്തിൽ പ്രതികരിക്കുകയാണെങ്കിൽ അത് ശക്തമായ ഒരു സ്വാധീനം ചെലുത്തുന്നതായിരിക്കും. അല്ലാത്തപക്ഷം ഓരോരുത്തരായി പ്രതികരിക്കുകയാണെങ്കിൽ അതിന് യാതൊരു വിലയും ഉണ്ടാകില്ല. ലോകത്ത് സമാധാനം സ്ഥാപിക്കാനും യുദ്ധം നിർത്തലാക്കാനും ഈ ഒരു വഴി തന്നെയാണ് ഉള്ളത്. ഈ ലോകത്തെ നാശത്തിൽ നിന്ന് സംരക്ഷിക്കാൻ മുസ്‌ലിം രാജ്യങ്ങൾ കഠിനമായി പരിശ്രമിക്കണം. അല്ലാഹു അവരെ ഇപ്രകാരം പ്രവർത്തിക്കാൻ പ്രാപ്തരാക്കുമാറാകട്ടെ.

എന്നിരുന്നാലും, നാം ആത്മാർത്ഥമായി ദുആ ചെയ്യണം. അല്ലാഹു ഈ യുദ്ധം അവസാനിപ്പിച്ച് നിരപരാധികളായ, അടിച്ചമർത്തപ്പെട്ട ഫലസ്തീനികളെ സംരക്ഷിക്കട്ടെ, അങ്ങനെ അവർ കൂടുതൽ അനീതികൾക്ക് വിധേയരാകാതിരിക്കട്ടെ, ലോകത്തിലെ എല്ലാ അനീതികളും അത് എവിടെയാണെങ്കിലും അല്ലാഹു അവസാനിപ്പിക്കട്ടെ. പ്രാർഥിക്കാൻ അല്ലാഹു നമ്മെ പ്രാപ്തരാക്കട്ടെ.’

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 20-10-2023
Malayalam Translation: **Moulavi P.M.Wasim Ahmad,Chelakkad** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516